**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **10-10-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ, 70%-ന മുകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളിൽ ഒരാളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | 70%-ന മുകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് വിവിധ സ്വയംതൊഴിൽ പദ്ധതികൾ പ്രയോജനപ്പെടുത്തി ഉപജീവനം കണ്ടെത്തുവാൻ സാധിക്കുമെന്നതിനാൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇത്തരം കുട്ടികളെ പരിചരിക്കുന്ന, പരിശീലിപ്പിക്കുന്ന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ജോലി ഒഴിവുകളിലേക്ക് കരാർ,ദിവസവേതനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം എന്നിവയിൽ മുൻഗണന നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ? | (ബി) | ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 സെക്ഷൻ 34 പ്രകാരം ബെഞ്ച് മാർക്ക് ഭിന്നശേഷിയുള്ളവർക്ക് സർക്കാർ കാര്യാലയങ്ങളിൽ നിയമനത്തിന് 4% സംവരണം അനുവദിച്ചിട്ടുണ്ട്. തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പരസഹായമില്ലാതെ അവരുടെ ദൈനംദിന കാര്യങ്ങൾ ചെയ്യാനാവാത്തതിനാൽ, അവരുടെ മാപിതാക്കളിലൊരാൾ അവരെ പരിപാലിക്കുന്നതിനായി അവരോടൊപ്പം വീട്ടിൽ കഴിയേണ്ട സാഹചര്യമാണ്. ഇപ്രകാരമുള്ളവർക്ക് വിവിധ സ്വയം തൊഴിൽ പദ്ധതികൾ പ്രയോജനപ്പെടുത്തി ഉപജീവനം കണ്ടെത്തുവാൻ സാധിക്കുന്നതാണ് എന്നതിനാൽ തീവ്ര ഭിന്നശേഷിത്വം അനുഭവിക്കുന്നവരുടെ മാതാപിതാക്കൾക്ക് ജോലി സംവരണം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ